പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2077** | **08.03.2018 ൽ മറുപടിയ്ക്ക്** |

## ദേശീയ യൂത്ത് കോൺകോഡ് 2018

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | മറുപടി<br>ശ്രീ.എ.സി. മൊയ്തീൻ<br>(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| ദേശീയ യൂത്ത് കോൺകോഡ് 2018 എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടിയുവജനക്ഷേമബോർഡ് സംഘടിപ്പിക്കുന്നുണ്ടോ : വിശദാംശം നൽകുമോ? | ഉണ്ട്. അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട്, ഇന്ന് സമൂഹത്തിൽ വളർന്നു വരുന്ന അസഹിഷ്ണുതയ്ക്കെതിരെ ജനങ്ങളിൽ 'അവബോധമുളവാക്കുക ' എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന വിവിധങ്ങളായ പരിപാടികളാണ് യൂത്ത് കോൺകോഡ് 2018 ന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>കേരള നിയമസഭാ സെക്രട്ടേറിയറ്റ്, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, യൂത്ത് ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പ്രസ്തുത പരിപാടികൾ നടപ്പിലാക്കുന്നത്.<br><br>2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് ഉപയോഗിച്ച്, അംഗീകൃത പദ്ധതികളിൽ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, യുവസാഹിത്യ ക്യാമ്പ്, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, അഭിനയ കളരി, കലാ സാംസ്കാരിക കൂട്ടായ്മകൾ, മാധ്യമ ക്യാമ്പ്, യൂത്ത് ഡവലപ്മെന്റ് പ്രോജക്ട്, ജില്ലാ യൂത്ത് സെന്ററുകളുടെ കീഴിലുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികളാണ് യൂത്ത് കോൺകോഡിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നത്.<br><br>യൂത്ത് കോൺകോഡിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡു വരെയുള്ള വീഥികളിൽ കലാ |

| | |
|---|---|
| | സാഹിത്യ രംഗത്തെ പ്രമുഖരടങ്ങുന്ന സംഘങ്ങൾ കലാ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുകയും യൂത്ത് ക്ലബ്ബുകളെ അതിൽ പങ്കാളികളാക്കുകയും ചെയ്യും. കൂടാതെ സാഹിത്യ മാധ്യമ, സാംസ്കാരിക കൂട്ടായ്മകൾ, സെമിനാറുകൾ, നാടകങ്ങൾ, യൂത്ത് പാർലമെന്റുകൾ, കലാ പ്രദർശനങ്ങൾ, സൈക്കിൾ റാലി എന്നിങ്ങനെ വൈവിധ്യമുള്ള പരിപാടികളിലൂടെ അഭിപ്രായ-ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ സന്ദേശം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക എന്നതാണ് ലക്ഷ്യം. |

സെക്ഷൻ ഓഫീസർ